**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3006** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ**


| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നോർത്ത് ഡി. എഫ്. ഒ. യുടെ കീഴിലുള്ള കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന വനമേഖലയിൽ നിന്നും വന്യജീവികൾ കൃഷി ഭൂമിയിലേക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള ജനവാസമേഖലകളിൽ വനാതിർത്തിയോട് ചേർന്നുള്ള ഭാഗങ്ങളിൽ വന്യജീവികൾ കൃഷി ഭൂമിയിലേക്ക് ഇറങ്ങി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനായി വനാതിർത്തികളിൽ സോളാർ ഫെൻസിങ്ങുകളും, ഹാംഗിംഗ് സോളാർ ഫെൻസുകളും, ആന പ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്ന തിനായി ചെക്ക് ഡാം, കുളങ്ങൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും, വനത്തിൽ നിന്നും ഇറങ്ങി വരുന്ന വന്യജീവികളെ വനത്തിലേക്ക് തിരികെ അയക്കുന്നതിനായി വാച്ചർമാരെയും നിയോഗിച്ച് വരുന്നു. കൂടാതെ ജനപങ്കാളിത്ത ത്തോടെ വനപരിപാലന പദ്ധതി പ്രകാരം വന സംരക്ഷണ സമിതികൾ മുഖാന്തരവും, ഗ്രാമപഞ്ചായത്തു മായി ചേർന്നുള്ള ജനജാഗ്രതാ സമിതികൾ മുഖാന്തരവും ഉള്ള പ്രവർത്തനങ്ങളും ചെയ്തുവരുന്നു. |
| (ബി) | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ വനംവകുപ്പ് തയ്യാറാക്കിയ 1977ന് മുമ്പുള്ള വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഒറിജിനൽ സ്കെച്ച് ഏത് ഓഫീസിലാണ് നിലവിലുള്ളത്; ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കാമോ; സ്കെച്ച് തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ വനംവകുപ്പ് തയ്യാറാക്കിയ 1977-ന് മുമ്പുള്ള വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഒറിജിനൽ സ്കെച്ച് അസിസ്റ്റൻറ് ഡയറക്ടർ, ഫോറസ്റ്റ് മിനി സർവ്വേ, കോഴിക്കോട് ഓഫീസിൽ ലഭ്യമാണ്. ആയത് അനുബന്ധ മായി ചേർക്കുന്നു. പ്രസ്തുത സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത് അസിസ്റ്റൻറ് ഡയറക്ടർ ഓഫ് സർവ്വേ, പെരിന്തൽമണ്ണയുടെ കീഴിലുള്ള സർവ്വേയർമാരുടെ സംഘമാണ്. |
| (സി) | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977 ജനുവരി ഒന്നിന് മുമ്പ് വിളക്കണ്ണൻപാറ, മേരിലാൻഡ്, മലാംകുണ്ട്, പാതാർ, കുവക്കോൽ, ഭൂദാനം എന്നിവിടങ്ങളിൽ വനം വകുപ്പ് പാറമാർക്കുള്ള | (സി) | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലെ വിളക്കണ്ണൻപ്പാറ, മേരിലാൻഡ്, മലാംകുണ്ട്, പാതാർ, കുവക്കോൽ, ഭൂദാനം എന്നിവിടങ്ങളിൽ വി.എഫ്.സി ഐറ്റം നം.2, 39, 17/13, 17/15 -ൽപ്പെട്ട നിലമ്പൂർ |

| | | | |
|---|---|---|---|
| | അതിരടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അളവുകൾ സഹിതം, മാസം, വർഷം എന്നിവ രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ; ടി മേഖലകളുടെ അതാത് മാസത്തെ സർവേ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | | കോവിലകം നിക്ഷിപ്ത വനഭൂമിയിൽ 1977-ന് മുമ്പ് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ചിട്ടുള്ളതാണ്. വനാതിർത്തിയിൽ സർവ്വേ കല്ലുകളും, പാറമാർക്കുള്ള അതിരടയാളങ്ങളും സ്ഥാപിച്ചി ട്ടുണ്ട്. ഈ പ്രവൃത്തി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫോറസ്റ്റ് സർവ്വേ, പെരിന്തൽമണ്ണയുടെ നേതൃത്വത്തിലാണ് നടത്തിയിരുന്നത്. ആയതിന്റെ റിപ്പോർട്ടുകൾ ലഭ്യമല്ല. |
| (ഡി) | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977-ന് മുൻപോ ശേഷമോ കർഷകരുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട് വനപാലകർക്കെതിരെ കൃത്യവിലോപം നടത്തിയെന്ന കുറ്റത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാമോ? | (ഡി) | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977-ന് മുമ്പോ, ശേഷമോ കർഷകരുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട് വനപാലകർക്കെതിരെ കൃത്യവിലോപം നടത്തിയ കുറ്റത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

District - Malappuram
Taluk - Ernad
Village - Chungathara
Malavaram - Kodal Bit no. IV
Survey no. 835
Area 4 Ha
Scale 1 cm : 20 Metres

18/3




True Copy.

Divisional Forest Officer
Nilambur North Division

SPECIAL DIVISIONAL FOREST OFFICER
NILAMBUR.

16/7/76.


ASST. DIRECTOR OF SURVEY, 17/11/76
AND LAND RECORDS FOREST SURVEY
PERINTALMANNA

17/11


Sketch prepared by [illegible]

16.3.76

22/11/76




COMBINED SKETCH (PERIPHERY SKETCH)
DISTRICT MALAPPURAM
TALUK ERNAD
VILLAGE CHUNGATHARA
STEM NO 18
NAME OF FOREST KODEERI BIT III
SURVEY 842/PORTION
AREA ... HECTARES
SCALE 1CM = 20METRES
18/2
Occupied area
Occupied area
To nelankundy
842
835
842
Chungathara
Nilamburu
True Copy
Divisional Forest Officer
Nilambur North Division
Copied by
ASST. DIRECTOR OF SURVEY AND LAND RECORDS FOREST SURVEY PERINTALMANNA




True Copy

Divisional Forest Officer
Nilambur North Division





True Copy.

[signature]

Divisional Forest Officer
Nilambur North Division


Nilambur Kovilakam VF





True Copy

Divisional Forest Officer
Nilambur North Division

Nilambur Kovilakam VF




Nilambur Kovilakam VF





True copy.

Divisional Forest Officer
Nilambur North Division


Nilambur Kovilakam VF
Gudalur Royal Vesta's forest
1305/1
1305/2
Occupied Area
True copy
Divisional Forest Officer
Nilambur North Division


Nilambur Kovilakam




True Copy.


Divisional Forest Officer
Nilambur North Division

# Nilambur Kovilakam VT




True Copy


Divisional Forest Officer
Nilambur North Division




True Copy

Divisional Forest Offi
Nilambur North Divis

Karakkuth Reserve Forest



True Copy

Divisional Forest Officer
Nilambur North Division